(ഡി) ഡി.പി.സി. കൂടാത്തതുകാരണം ആയുർവേദ കോളേജുകളിലെ തസ്തികകളിൽ പ്രൊമോഷൻ നടക്കുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഡി.പി.സി. കൂടുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 30-4-2001 എ. എൻ.

(ബി) 1968 (അദ്ധ്യാപകരുടെ).

(സി) ഡി.പി.സി. കൂടാതെ റഗുലർ പ്രൊമോഷൻ നൽകാനുള്ള നീക്കം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഉണ്ട്. പ്രൊമോഷൻ നടത്തുന്നതിനും ഡി.പി.സി. കൂടുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സ്റ്റോർ സൂപ്രണ്ട് തസ്തിക അനുവദിക്കുന്നതിന് നടപടി

53(1844) ശ്രീ. കെ. ടി. കുഞ്ഞിമുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അലോപ്പതി മെഡിക്കൽ എഡ്യൂക്കേഷൻ വകുപ്പിൻ കീഴിലുള്ള മെഡിക്കൽ കോളേജ് ആശുപത്രികളിൽ നിലവിലുള്ളതുപോലെ ആയുർവേദ മെഡിക്കൽ എഡ്യൂക്കേഷൻ വകുപ്പിന്റെ കീഴിലുള്ള ആശുപത്രികളിൽ സ്റ്റോർ സൂപ്രണ്ട് തസ്തിക നിലവിലുണ്ടോ ;

(ബി) സ്റ്റോർ സൂപ്രണ്ട് തസ്തിക നിലവിലില്ലാത്ത ആയുർവേദ കോളേജ് ആശുപത്രികളിൽ പ്രസ്തുത തസ്തിക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) അലോപ്പതി വകുപ്പിൽ ഫാർമസിസ്റ്റുകൾക്ക് അനുവദിച്ചിട്ടുള്ള പ്രൊമോഷൻ ആനുകൂല്യങ്ങൾ ലഭിക്കാത്ത ആയുർവേദ ഫാർമസിസ്റ്റുകൾക്ക് നിലവിലുള്ള സ്റ്റോർ സൂപ്രണ്ട് തസ്തിക ഗസറ്റഡ് റാങ്കിൽ ഗ്രേഡ്-I ആയി ഉയർത്തുന്നതിന് നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ) തിരുവനന്തപുരം സർക്കാർ ആയുർവേദ കോളേജ് ആശുപത്രിയിൽ നിലവിലുണ്ട്.

(ബി) ഇരുന്നൂറോ അതിൽ കൂടുതലോ കിടക്കകൾ ഉള്ള ആശുപത്രികളിലാണ് സ്റ്റോർ സൂപ്രണ്ട് തസ്തിക സൃഷ്ടിക്കുന്നത്.

(സി) തിരുവനന്തപുരം ആയുർവേദ കോളേജിൽ നിലവിലുള്ള സ്റ്റോർ സൂപ്രണ്ടിന്റെ തസ്തിക ഗസറ്റഡ് തസ്തികയാക്കാനുള്ള നിർദ്ദേശങ്ങളൊന്നും നിലവിലില്ല.

LIBRARY ARCHIVES Kerala Legislative Assembly